"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

ആരോഗ്യ കുടുംബക്ഷേമ വകുപ്പ് - ആരോഗ്യ വകുപ്പ് - ജീവനക്കാര്യം - ഡോ.മിജേഷ്.കെ.വി., കൺസൽട്ടന്റ് (ഓർത്തോപീഡിക്സ്) - ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത OA No.949/2023-ന്മേലുള്ള 15.06.2023-ലെ ഉത്തരവ് അനുപാലിച്ചുകൊണ്ട് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

ആരോഗ്യ കുടുംബക്ഷേമ (എ) വകുപ്പ്

സ.ഉ.(സാധാ) നം.2688/2023/H&FWD തീയതി,തിരുവനന്തപുരം, 16-10-2023

പരാമർശം:- 1. സ.ഉ (സാധാ) നം.1382/2023/ആകുവ തീയതി 09.06.2023

2. ഡോ.മിജേഷ്.കെ.വി. കൺസൽട്ടന്റ് സമർപ്പിച്ച പുനഃപരിശോധനാ ഹർജി. (Annexure A7)

3. OA No.949/2023-ന്മേലുള്ള ബഹു:ട്രൈബ്യൂണലിന്റെ 15.06.2023-ലെ ഉത്തരവ്

4. സ.ഉ (സാധാ) നം.1984/2023/ആകുവ തീയതി 05.08.2023.

ഉത്തരവ്

ആരോഗ്യ വകുപ്പിലെ വിവിധ സ്പെഷ്യാലിറ്റികളിലെ കൺസൽട്ടന്റ്മാരുടെ പരാമർശം (1) ഉത്തരവ് പ്രകാരം പുറപ്പെടുവിച്ച പൊതുസ്ഥലംമാറ്റ ഉത്തരവിൽ സ്ഥലംമാറ്റത്തിന് പരിഗണിക്കാത്തതിനാൽ ഓർത്തോപീഡിക്സ് വിഭാഗം കൺസൽട്ടന്റ് ഡോ.മിജേഷ്.കെ.വി. ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറി മുമ്പാകെ പരാമർശം (2) അപ്പീൽ സമർപ്പിക്കുകയും, ബഹു:ട്രൈബ്യൂണൽ മുമ്പാകെ OA(EKM) No.949/2023 ഫയൽ ചെയ്യുകയും ഉണ്ടായി. 15.06.2023-ലെ ഉത്തരവ് പ്രകാരം അപേക്ഷകൻ സർക്കാർ മുമ്പാകെ സമർപ്പിച്ച അപ്പീലും, പാലക്കാട് ജില്ലാ ആശുപത്രിയിൽ അപേക്ഷകന്റെ

0381676

GOVERNMENT OF KERALA

തസ്തികയിൽ ഒഴിവ് നിലവിലുണ്ടെങ്കിൽ ആയതും പരിശോധിച്ച് ഒരു മാസത്തിനുള്ളിൽ ഉത്തരവ് പുറപ്പെടുവിക്കുവാൻ ഒന്നാം എതിർകക്ഷിയായ സർക്കാരിനെ പ്രതിനിധീകരിക്കുന്ന ആരോഗ്യ കുടുംബക്ഷേമ വകുപ്പ് പ്രിൻസിപ്പൽ സെക്രട്ടറിക്ക് പരാമർശം (3) പ്രകാരം ബഹു. ട്രൈബ്യൂണൽ നിർദ്ദേശം നൽകി.

2) സ്പെഷ്യാലിറ്റി കേഡറിലെ മെഡിക്കൽ ഓഫീസർമാരുടെ 2023 പൊതുസ്ഥലം മാറ്റത്തിനെതിരെ ബഹു:ട്രൈബ്യൂണൽ മുമ്പാകെ ഫയൽ ചെയ്ത കേസുകളിന്മേലുള്ള ട്രൈബ്യൂണലിന്റെ നിർദ്ദേശം അനുപാലിക്കുന്നതിന്റെ ഭാഗമായി പരാമർശം (4) പ്രകാരം രൂപീകൃതമായ കമ്മിറ്റി അപേക്ഷകൻ സമർപ്പിച്ച പരാമർശം (2) അപ്പീൽ അപേക്ഷ പരിശോധിക്കുകയുണ്ടായി.

3) നിലവിൽ ഇടുക്കി ജില്ലാ ആശുപത്രിയിൽ ജോലി നോക്കി വരുന്നതായും, പാലക്കാട് ജില്ലാ ആശുപത്രി, ചാലക്കുടി താലൂക്ക് ആസ്ഥാന ആശുപത്രി, തൃശൂർ ജനറൽ ആശുപത്രി എന്നീ സ്ഥാപനങ്ങളിലേയ്ക്ക് ഓപ്ഷൻ നൽകുകയും, കരട് സ്ഥലംമാറ്റ പട്ടികയിൽ പാലക്കാട് ജില്ലാ ആശുപത്രിയിലേയ്ക്ക് സ്ഥലംമാറ്റത്തിന് ഉൾപ്പെടുത്തിയിരുന്നെങ്കിലും, മുന്നറിയിപ്പ് ഇല്ലാതെ അന്തിമ സ്ഥലംമാറ്റ ഉത്തരവിൽ നിന്ന് ഒഴിവാക്കുകയുണ്ടായെന്നും, 31.05.2023 മുതൽ പാലക്കാട് ജില്ലാ ആശുപത്രിയിൽ ഓർത്തോപീഡിക് കൺസൽട്ടന്റ് വിഭാഗത്തിൽ വിരമിക്കൽ മുഖാന്തിരം ഒരു ഒഴിവ് നിലവിലുണ്ടെന്നും, ആരോഗ്യ പ്രശ്നങ്ങൾ ഉള്ളതിനാൽ പാലക്കാട് ജില്ലാ ആശുപത്രിയിലെ നിലവിലുള്ള ഒഴിവിൽ നിയമനം നൽകണമെന്നും പരാമർശം (2) അപ്പീൽ അപേക്ഷയിൽ ആവശ്യപ്പെട്ടു.

4) കമ്മിറ്റി ടി വിഷയം വിശദമായി പരിശോധിക്കുകയുണ്ടായി. അപേക്ഷകന്റെ അപ്പീലിലെ ആവശ്യം പരിഗണിച്ച് ടിയാനെ പാലക്കാട് ജില്ലാ ആശുപത്രിയിൽ ഓർത്തോപീഡിക് സർജറി വിഭാഗം കൺസൽട്ടന്റ് തസ്തികയിൽ നിലവിലുള്ള ഒഴിവിൽ നിയമനം നൽകി പരാമർശം (2) അപ്പീൽ അപേക്ഷ തീർപ്പാക്കി ഉത്തരവാകുന്നു.

6) ബഹു:കേരള അഡ്മിനിസ്ട്രേറ്റീവ് ട്രൈബ്യൂണലിന്റെ OA No.949/2023-ന്മേലുള്ള 15.06.2023-ലെ ഉത്തരവ് ഇപ്രകാരം അനുപാലിച്ചുകൊള്ളുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)

സ.ഉ.(സാധാ) നം.2688/2023/H&FWD

SREEJITH V P
ജോയിന്റ് സെക്രട്ടറി

അഡ്വക്കേറ്റ് ജനറൽ, തിരുവനന്തപുരം. (ആമുഖ കത്ത് സഹിതം)

ആരോഗ്യ വകുപ്പ് ഡയറക്ടർ, തിരുവനന്തപുരം

ജില്ലാ മെഡിക്കൽ ഓഫീസർ (ആരോഗ്യം), പാലക്കാട്.
Dr.Mijesh.K.V., Consultant (Orthopaedics), Kallatuvalappil House, Kalpakodhyan, Nettisery, Madakkathara.P.O., Thrissur - 680651.
പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (ആഡിറ്റ്/എ&ഇ), കേരളം, തിരുവനന്തപുരം.
സ്റ്റോക്ക് ഫയൽ.

ഉത്തരവിൻ പ്രകാരം

Signed by
R Renuka
Date: 16-10-2023 13:14:05
സെക്ഷൻ ഓഫീസർ

മേലെഴുത്ത് നം. ഇ.ഐ- 5159/2023/ആ.വ.ഡ തീയതി 18/10/2023
സർക്കാർ ഉത്തരവിന്റെ പകർപ്പ് അറിവിലേയ്ക്കും മേൽ നടപടി
കൾക്കുമായി വെബ്സൈറ്റിൽ പ്രസിദ്ധീകരിക്കുന്നു.

ആ.വ.ഡയ്ക്ക് വേണ്ടി.